പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5073 24.10.2011 ൽ മറുപടിക്ക്.**

**സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>„ ഐ.സി. ബാലകൃഷ്ണൻ<br>„ പി.സി. വിഷ്ണുനാഥ്<br>„ എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ആവശ്യം കൂടി വരുന്ന സാഹചര്യം നിലവിലുണ്ടോ; | എ) നിലവിലുണ്ട്. |
| ബി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | ബി) നിലവിൽ പി.ജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരെ സ്പെഷ്യാലിറ്റി വേക്കൻസിയിലേക്ക് ഓപ്ഷൻ വാങ്ങി നിയമനം നൽകി വരുന്നുണ്ട്. കൂടാതെ പി.എസ്.സി വഴി സ്പെഷ്യലിസ്റ്റ് തസ്തികയിലേക്ക് നേരിട്ട് നിയമനം നൽകി വരുന്നുണ്ട്. ഇതിലുപരിയായി വിരമിച്ച ഡോക്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| സി) ഇതിനായി ആശുപത്രികളിൽ ഡി.എൻ.ബി. കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ? | സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജനറൽ മെഡിസിനിലും പേരൂർക്കട മെന്റൽ ഹെൽത്ത് സെന്ററിൽ സൈക്യാട്രിയിലും ഇപ്പോൾ ഈ കോഴ്സ് നടന്നുവരികയാണ്. പുതുതായി ഡി.എൻ.ബി കോഴ്സ് തുടങ്ങുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Ajayakala

സെക്ഷൻ ഓഫീസർ